**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 960** **09-10-2024 - ൽ മറുപടിയ്ക്ക്**

**തിരുവമ്പാടി മണ്ഡലത്തിൽ വന്യമൃഗശല്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | രൂക്ഷമായ വന്യമൃഗശല്യം അനുഭവിക്കുന്ന തിരുവമ്പാടി മണ്ഡലത്തിൽ അത് പരിഹരിക്കുന്നതിനാവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | വന്യമൃഗശല്യം പരിഹരിക്കുന്നതിന്റെ ഭാഗമായി നോർത്തേൺ സർക്കിളിനു കീഴിലെ കോഴിക്കോട് ഡിവിഷൻ പരിധിയിൽ വരുന്ന തിരുവമ്പാടി മണ്ഡലത്തിൽ 19 കി.മീ നീളത്തിൽ സോളാർ വേലി നിലവിലുണ്ട്. പുതിയതായി നായർക്കൊല്ലി സെക്ഷൻ പരിധിയിൽ വരുന്ന പൊന്നാക്കായം മുതൽ ചെറുശ്ശേരി വരെ 8 കി.മീറ്ററും കനലാട് സെക്ഷൻ പരിധിയിൽ വരുന്ന വട്ടച്ചിറ മുതൽ മരുതിലാവ് വരെ 4 കി.മീറ്ററും (ആകെ. 12 കി.മീ) സോളാർഫെൻസിംഗ് പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുണ്ട്.<br><br>RKVY പദ്ധതിയിലുൾപ്പെടുത്തി മന്നാർപൊയിൽ മുതൽ ഓളിക്കൽ വരെ 15.5 കി.മീ സോളാർഫെൻസിംഗ് പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്.<br><br>കൂടാതെ തിരുവമ്പാടി എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ടപ്പൻചാൽ മുതൽ മുണ്ടൂർ വരെ 3 കി.മീ, മുണ്ടൂർ മുതൽ കുരോട്ടുപാറ വരെ 2.5 കി.മീ., മേലെ മരുതിലാവ് മുതൽ ചിപ്പിലിത്തോട് വരെ 4 കി.മീ (ആകെ 9.5 കി.മീ) ഹാംഗിങ് സോളാർഫെൻസിംഗ് സ്ഥാപിക്കുന്നതിനും, വന്യമൃഗശല്യം കൈകാര്യം ചെയ്യുന്നതിനായി ആർ. ആർ.ടി വിഭാഗത്തിന് ഒരു ബൊലേറോ കാമ്പർ വാഹനം വാങ്ങുന്നതിനുമുള്ള പ്രൊപ്പോസൽ വനം വകുപ്പ് തയ്യാറാക്കി തിരുവമ്പാടി എം.എൽ.എ യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ പ്രവർത്തന രൂപരേഖകളിൽ ഉൾപ്പെടുത്തിയിട്ടുള്ളവയുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | വന്യമൃഗശല്യം പരിഹരിക്കുന്നതിന്റെ ഭാഗമായി നോർത്തേൺ സർക്കിളിനു കീഴിലെ കോഴിക്കോട് ഡിവിഷൻ പരിധിയിൽ വരുന്ന തിരുവമ്പാടി മണ്ഡലത്തിൽ 19 കി.മീ നീളത്തിൽ സോളാർ വേലി നിലവിലുണ്ട്. പുതിയതായി നായർക്കൊല്ലി സെക്ഷൻ |

| | | | |
|---|---|---|---|
| | | | പരിധിയിൽ വരുന്ന പൊന്നാക്കായം മുതൽ ചെറുശ്ശേരി വരെ 8 കി.മീറ്ററും കനലാട് സെക്ഷൻ പരിധിയിൽ വരുന്ന വട്ടച്ചിറ മുതൽ മരുതിലാവ് വരെ 4 കി.മീറ്ററും (ആകെ. 12 കി.മീ) സോളാർഫെൻസിംഗ് പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുണ്ട്.<br><br>RKVY പദ്ധതിയിലുൾപ്പെടുത്തി മന്നാർപൊയിൽ മുതൽ ഓളിക്കൽ വരെ 15.5 കി.മീ സോളാർഫെൻസിംഗ് പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്.<br><br>കൂടാതെ തിരുവമ്പാടി എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ടപ്പൻചാൽ മുതൽ മുണ്ടുർ വരെ 3 കി.മീ, മുണ്ടൂർ മുതൽ കുരോട്ടുപാറ വരെ 2.5 കി.മീ., മേലെ മരുതിലാവ് മുതൽ ചിപ്പിലിത്തോട് വരെ 4 കി.മീ (ആകെ 9.5 കി.മീ) ഹാംഗിങ് സോളാർഫെൻസിംഗ് സ്ഥാപിക്കുന്നതിനും, വന്യമൃഗശല്യം കൈകാര്യം ചെയ്യുന്നതിനായി ആർ. ആർ.ടി വിഭാഗത്തിന് ഒരു ബൊലേറോ കാമ്പർ വാഹനം വാങ്ങുന്നതിനുമുള്ള പ്രൊപ്പോസൽ വനം വകുപ്പ് തയ്യാറാക്കി തിരുവമ്പാടി എം.എൽ.എ യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ